# അന്ധതയോളം വരില്ല അന്ധകാരം

ഒരാൾ പീടികവരാന്തയിൽ ഇരുന്ന് വീറോടെ സംസാരിക്കുന്നു. വസ്തുതക്ക് നിരക്കാത്തതെന്തോ സ്ഥാപിക്കാനാണ് ടിയാൻെറ ശ്രമം. ചിലർ അയാളെ തിരുത്താൻ ശ്രമിക്കുന്നുമുണ്ട്. പക്ഷേ, അയാളുടെ വാശിക്കു മുമ്പിൽ അവരുടെ ന്യായസമർഥനങ്ങൾക്ക് ശബ്ദമില്ലാതാവുകയാണ് ചെയ്തത്.

യാഥാർഥ്യത്തിന് വിരുദ്ധമായിരുന്നു അയാളുടെ നിലപാട്. പക്ഷേ, പരമാർഥത്തെ കേൾക്കാൻ തയാറാകാത്ത ആ മനുഷ്യൻ വസ്തുതയുടെ ശത്രുവാകുകയാണ് ചെയ്തത്. മറ്റുള്ളവരോടും അയാൾ ആ വിദ്വേഷത്തോടെ പെരുമാറി.

യാഥാർഥ്യങ്ങളെ അന്വേഷിക്കാതിരിക്കലും അറിഞ്ഞ യാഥാർഥ്യങ്ങളെ അംഗീകരിക്കാതിരിക്കലും അന്ധതയാണ്. അതിനെക്കാൾ വലിയ ഇരുട്ട് മറ്റൊന്നുമില്ല. സ്വന്തം ജീവിതത്തെ തന്നെ ഇരുട്ടാക്കുകയാണ് അതുമുഖേന ചെയ്യുന്നത്.

ഒരിക്കൽ പ്രവാചകൻ മുഹമ്മദ് തൻെറ ഭാര്യയോടൊത്ത് നടന്നുപോവുകയായിരുന്നു. അതുകണ്ട് ഒരാൾ സംശയത്തോടെ രണ്ടുപേരെയും നോക്കിനിന്നു. ഉടനെ പ്രവാചകർ അയാളുടെ അടുത്തുവന്നു പറഞ്ഞു: “ഇതെൻെറ ഭാര്യയാണ്.”

യാഥാർഥ്യങ്ങളെപ്പറ്റി അന്വേഷിക്കാതിരിക്കുക, അറിഞ്ഞ യാഥാർഥ്യങ്ങളെ അംഗീകരിക്കാതിരിക്കുക. ഇതു രണ്ടും ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ വളർത്തുന്ന വലിയ സംഗതികളാണ്. ഹൃദയങ്ങളെ തമ്മിൽ അകറ്റുന്നതിൽ വലിയ പങ്ക് അതിനുണ്ട്. സമാധാനം നശിപ്പിച്ച് ജീവിതം ഭീതിതമാക്കുന്നതിലും തെറ്റിദ്ധാരണകൾക്ക് തന്നെയാണ് പ്രഥമ സ്ഥാനം. അതിന് രാഷ്ട്രീയമെന്നോ മതമെന്നോ വ്യത്യാസമില്ല.

ബോധ്യപ്പെട്ട യാഥാർഥ്യം അംഗീകരിക്കാത്തവൻ മനസ്സാക്ഷിയില്ലാത്തവനെപ്പോലെയാണ്. യാഥാർഥ്യം ബോധ്യമായിട്ടും സ്വയം തിരുത്താൻ തയാറാകാത്ത ഒരാൾ അതിൻെറ പേരിൽ കലഹമുണ്ടാക്കാനൊരുമ്പെട്ടാൽ അയാളെ എന്ത് വിശേഷിപ്പിക്കണം? മിക്ക രാഷ്ട്രീയ-മതസംഘട്ടനങ്ങളുടെയും സ്ഥിതി അതാണ്.

വസ്തുതകൾ പരസ്പരം പങ്ക് വെക്കൽ, അവ അന്വേഷിക്കൽ, യാഥാർഥ്യം തൻെറ ധാരണക്ക് വിരുദ്ധമാണെങ്കിലും അതംഗീകരിക്കൽ, യാഥാർഥ്യത്തോട് സഹകരിക്കൽ എന്നിവ സമൂഹത്തോടുള്ള പ്രതിബദ്ധതയുടെയും മനുഷ്യസ്നേഹത്തിൻെറയും ഭാഗമാണ്.

അടിസ്ഥാനരഹിതമായ സംശയങ്ങൾ വെച്ചുപുലർത്തരുത്. അത് സ്വഭാവത്തിൻെറ ഭാഗമാക്കുകയും അരുത്. അന്ധതയും സംശയങ്ങളും മാരകമാണ്. ഭൗതികവിദ്യാഭ്യാസവും ആത്മീയവിദ്യാഭ്യാസവും വർധിച്ചതുകൊണ്ട് കാര്യമൊന്നുമില്ല. വസ്തുതകളെ അംഗീകരിക്കാനുള്ള മനസ്സും സത്യത്തെപ്പറ്റി അന്വേഷിക്കാനുള്ള തൻെറടവുമാണ് വേണ്ടത്. സമൂഹത്തിൽ പാരസ്പര്യം വളരണമെങ്കിൽ അവ ആർജിച്ചേ മതിയാകൂ. എങ്കിൽമാത്രമേ സമൂഹം നന്നാവുകയുള്ളൂ.